Parayil
Publishers

ഉത്തമഗീതം

Parayil
Publishers

ഉത്തമഗീതം

ആമുഖം

വെളിപ്പാടിന്റെ തേജസ്സേറിയ ആലയത്തിൽ, ദൈവം തന്റെ നാമം സ്ഥാപിക്കുവാൻ തിരഞ്ഞെടുത്ത സ്ഥലത്ത്, ഭൗമികലോകദൈവാലയത്തിന്റെ തേജസ്സിലും ശ്രേഷ്ഠമായ ഒന്നായി ഈ പുസ്തകം നില്ക്കുന്നു. സീയോൻ മലയിലെ ആലയത്തിന്റെ ഒരു ഭാഗമായി ചെറുതെങ്കിലും പൂർണ്ണതയിൽ കേദാർഭിത്തികളെക്കാളും മേൽക്കൂരയെക്കാളും സമ്പന്നമായ ദന്തരത്നങ്ങളേക്കാൾ പ്രകാശിതവും സമ്പന്നവുമായ, പരിശുദ്ധാത്മാവു സ്വർഗ്ഗത്തിൽ നിന്നു കൊണ്ടുവന്ന സത്യത്താൽ നിറച്ച് ദൈവനിവാസത്തെ സ്നേഹിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുന്നവർക്കായി നിക്ഷേപിച്ച് ദൈവമഹത്വം വസിക്കുന്നിടമാണിത്".

ജോർജ്ജ് ബനോബ്

I. കാനോനിലെ അതുല്യമായ സ്ഥാനം

യെഹൂദാ വ്യാഖ്യാനം ഇതിനെ, "ഏറ്റം പ്രശംസിക്കത്തക്ക, ഏറ്റം ശ്രേഷ്ഠമായ, ഏറ്റം ഭദ്രമായ പാട്ട്" എന്നു വിളിക്കുന്നു. വേദപുസ്തകത്തിലെ മനസ്സിലാക്കാൻ പ്രയാസമേറിയ പുസ്തകമാണിത്. ഫ്രാൽഡ് ഡിളിഷ് എഴുതി, "പഴയ നിയമത്തിലേക്കും അവ്യക്തമായ പുസ്തകമാണിത്". കവിതയെയും സ്നേഹത്തെയും പ്രകൃതിയെയും ആസ്വദിക്കാൻ കഴിയുമെങ്കിൽ പ്രയാസമില്ല, എന്നാൽ ഇതിന്റെ അർത്ഥം എന്താണ്?

പരസ്പരബന്ധമില്ലാത്ത കുറെ സ്നേഹഗീതങ്ങളോ, ഒരു ചെറിയ നാടകമോ, അല്ലെങ്കിൽ ഒരുമിച്ചു ചേർത്ത നാടകീയ സ്നേഹസംഭാഷണമോ എന്നു പണ്ഡിതലോകം ഭിന്നാഭിപ്രായത്തിലാണ്[2]. ആവർത്തിച്ചുള്ള ചരണങ്ങളും, കഥയുടെ ഒഴുക്കും, ഉള്ളടക്കത്തിന്റെ ഗാംഭീര്യവും അവസാനത്തെ അഭിപ്രായത്തോട് യോജിക്കുന്നു.

എന്നാലും എങ്ങനെ ഈ പുസ്തകം വ്യാഖ്യാനിക്കേണം? ഇവിടെ എന്നും വായനക്കാരുടെ സങ്കല്പത്തിനു പ്രാധാന്യം നൽകിയിരുന്നു. കുറെ യഹൂദന്മാരും ക്രിസ്ത്യാനികളും ഇതൊക്കെ വൈകാരികപുസ്തകമെന്നു അംഗീകരിക്കുന്നില്ലെങ്കിലും, ചില ഭക്തരായ വിശുദ്ധന്മാർ ചരിത്രത്തിലുടനീളം ഇതിന്റെ താളുകൾ വ്യാഖ്യാനത്തിൽ വെളിപ്പെടുത്തി.

II. എഴുത്തുകാരൻ

യഹൂദപാരമ്പര്യപ്രകാരം ശലോമോൻ ഈ പാട്ട് തന്റെ യൗവ്വനത്തിലും, സദൃശവാക്യം പിന്നീടും, സഭാപ്രസംഗി ലോകവിരക്തിക്കുശേഷവും എഴുതപ്പെട്ടു എന്നു വിശ്വസിക്കുന്നു. ഈ വീക്ഷണത്തിനു പ്രാധാന്യം ഉണ്ട്. എഴുത്തുകാരൻ വൈവാഹിക വിശ്വസ്തതയെ ഉയർത്തിക്കാട്ടുന്നതിനാൽ തന്റെ ആദ്യ ഭാര്യമാരിൽ ആർക്കോ ഈ പുസ്തകം സമർപ്പിച്ചു എന്നു പറയപ്പെടുന്നു. പിന്നീട് താൻ ബഹുഭാര്യത്വത്തിനും വെപ്പാട്ടികൾക്കും അടിമയായി മാറി. എന്നാൽ ഈ പുസ്തകം വേറൊരു വീക്ഷണം പുലർത്തുന്നു.

ഏഴു വാക്യങ്ങൾ ശലോമോന്റെ പേർ എടുത്തു പറഞ്ഞിരിക്കുന്നു (1:1,5 3:7,9,11; 8:11,12). ഒന്നാമത്തേതു എഴുത്തുകാരൻ എന്ന നിലയിലുള്ള സംബോധനയാണ്(ശലോമോനെപ്പറ്റിയുള്ള ഉത്തമഗീതം എന്നും ആകാം). പ്രകൃതിയോടുള്ള ആഭിമുഖ്യം ശലോമോന്റെ താല്പര്യത്തിന് യോജിക്കുന്നു(1രാജാ 4:33). രാജകീയ കുതിരകൾ, രഥം എന്നിവ ശലോമോന്റെ ആധികാരികതയെ താങ്ങുന്നു. ഭൂമിശാസ്ത്രപരമായ പരാമർശങ്ങൾ ശലോമോന്റെ ഭരണകാലത്തെ ഒരു ഭൂപ്രദേശത്തിനു യോജിക്കുന്നു.

അങ്ങനെ പാരമ്പര്യവീക്ഷണത്തെ ഉറപ്പിക്കുന്ന പല കാരണങ്ങളുമുണ്ട്, മറിച്ചുള്ളവ തൃപ്തികരമല്ല.

III. കാലം

ശലോമോന്റെ 1005 പാട്ടുകളിലും ഉത്തമമായവ(1രാജാ 4:32) തന്റെ 40 വർഷത്തെ ഭരണത്തിനിടയ്ക്ക് ചമച്ചു(971–931 B.C) അപ്പോഴും താൻ യൗവ്വനത്തിലായിരുന്നെന്നും അനേകം സ്ത്രീകളിലായിരുന്നുവെന്നതും ന്യായവും ആകർഷകവുമാണ്.

IV. പശ്ചാത്തലവും സന്ദേശവും

ക്രിസ്തുവിനു സഭയോടുള്ള സ്നേഹത്തിന്റെ പ്രതീകമായാണ് സാധാരണ ക്രിസ്ത്യാനികൾ ഈ പുസ്തകത്തെ



ഉത്തമഗീതത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ

വ്യാഖ്യാനിക്കുന്നത്. വേദപുസ്തകത്തിന്റെ ഓരോ അദ്ധ്യായത്തിന്റെ തലക്കെട്ടിലും ഈ വ്യാഖ്യാനം കാണാം. അതിൻപ്രകാരം ശലോമോൻ ക്രിസ്തുവിനു പ്രതീകവും ശൂലേമി സഭയ്ക്കു പ്രതീകവുമാണ്. എന്നാൽ സഭ ലോകാരംഭം മുതൽ ദൈവത്തിൽ മറഞ്ഞിരുന്ന മർമ്മവും, ആദ്യം വെളിപ്പെടുത്തപ്പെട്ടതു പുതിയനിയമത്തിലെ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കുമാണ്(റോമ 16:25,26; എഫെ 3:9). ഇവിടെ ക്രിസ്തുവിനു സഭയോടുള്ള സ്നേഹം യഥാർത്ഥമായി കാണാമെന്നു പലരും വിശ്വസിക്കുന്നില്ല. പ്രധാന വ്യാഖ്യാനം യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധമാണ്.

വൈവാഹിക അവിശ്വസ്തയ്ക്ക് എതിരായുള്ള ഒരു പ്രതിധ്വനിയാണ് ഈ പുസ്തകമെന്നു രണ്ടാമത്തെ വ്യാഖ്യാനം. അനേകം ഭാര്യമാരുള്ള ശലോമോൻ യൗവ്വനക്കാരത്തിയായ ശൂലേമിയെ വശീകരിക്കാൻ ശ്രമിക്കുന്നു. എന്നാൽ അവളുടെ ഇടയച്ചെറുക്കനോട് അവൾ വിശ്വസ്തയായിരിക്കുന്നു. ശലോമോന്റെ പ്രലോഭനങ്ങളിൽ അവൾ വീഴുന്നില്ല. ഓരോ സമയത്തു അവളെ പുകഴ്ത്തുമ്പോഴും അവൾ തന്റെ കാമുകനെപ്പറ്റിയാണ് സംസാരിക്കുന്നത്. പുസ്തകാവസാനത്തിൽ അവൾ തന്റെ ഇടയച്ചെറുക്കനുമായി യോജിച്ച് സ്നേഹത്തിൽ വിശ്രമിക്കുന്നു. ശലോമോനുമായി ബന്ധപ്പെട്ടുപറഞ്ഞിരിക്കുന്ന ഭാഗങ്ങളിൽ പട്ടണവും കൊട്ടാരവുമായിരിക്കുമ്പോൾ ഇടയനോട് ബന്ധപ്പെട്ടതെല്ലാം ഗ്രാമപശ്ചാത്തലമാണ്. ഇതിനാൽ ഇവിടെ രണ്ടു പുരുഷന്മാരുണ്ട്. എന്നാൽ ശലോമോനെ ഇവിടെ അപകടയിൽ ചിത്രീകരിക്കുന്നതിനാൽ വലിയ പ്രചാരം ഈ വ്യാഖ്യാനത്തിനില്ല? എന്നാൽ ശലോമോൻ ബഹുഭാര്യനും, ദൈവത്തിന്റെ ക്രമം ഏകഭാര്യത്തവുമാണ്. അന്യജാരന്മാരെ സ്നേഹിച്ച യിസ്രായേൽ യഹോവയോടു അവിശ്വസ്തരായി. വിശ്വസ്തസ്നേഹത്തിന്റെ സന്ദേശമാണിവിടെ വർണ്ണിക്കുന്നത്.

വരും കാലത്തെ യിസ്രായേലിലെ വിശ്വസ്തശേഷിപ്പിന്റെ പ്രതീകമായി ശൂലേമിയെ കാണുന്നതാണ് മൂന്നാമത്തെ വ്യാഖ്യാനം. ശലോമോൻ കർത്താവായ യേശുവിന്റെ പ്രതീകമാണ്. ഏകജാതനുവേണ്ടി വിലപിക്കുന്നതുപോലെ ശേഷിപ്പ് വിലപിച്ച് കുത്തിയവങ്കലേക്കു നോക്കുമ്പോൾ ഉണ്ടാകുന്ന സ്നേഹമാണിവിടുത്തെ വിഷയം. ബഹുഭാര്യനായാ ശലോമോനെ ക്രിസ്തുവിന്റെ പ്രതീകമാക്കുന്നതിന് ഇവിടെ തടസ്സമില്ല. പ്രതീകം അപൂർണ്ണവും ക്രിസ്തു പൂർണ്ണനുമാണ്.

വൈവാഹികജീവിതത്തിലെ സ്നേഹവും വിശുദ്ധിയും ഉറപ്പിക്കുന്നതിനുവേണ്ടിയാണെന്നതാണു നാലാമത്തെ വ്യാഖ്യാനം. ഉല്പ.1:27, 2:20-24 വാക്യങ്ങളുടെ അടിസ്ഥാനത്തിൽ, ലൈംഗികത വിവാഹേതര ചൂഷണത്തിനുപയോഗിക്കുന്നകാലത്തു ഈ വ്യാഖ്യാനത്തിനു പ്രാധാന്യമുണ്ട്.

ഏതു വ്യാഖ്യാനം എടുത്താലും വിശ്വാസികളായ ഭാര്യഭർത്താക്കന്മാർ വിവാഹരാത്രിയിൽ ഉത്തമഗീതം വായിച്ച് കുടുംബജീവിതം തുടങ്ങുന്നുണ്ട്.

ഉള്ളടക്കം

I. തലക്കെട്ട്(1:1)

II. ശലോമോന്റെ സദസ്സിലുള്ള ശൂലേമി തന്റെ ഇടയചെറുക്കനെപ്പറ്റി ചിന്തിക്കയും യെരുശലേം പുത്രിമാരോട് അവനെയും തന്നെയും കുറിച്ച് പറയുന്നു(1:2-8)

III. ശലോമോൻ ശൂലേമിയെ വശീകരിക്കുന്നു, പക്ഷേ അവന്റെ മുഖസ്തുതി അവൾ അവഗണിക്കുന്നു(1:9-2:6).

IV. യെരുശലേം പുത്രിമാരോടുള്ള ശൂലേമിയുടെ ആജ്ഞ (2:7)

V. ഇടയചെറുക്കന്റെ സന്ദർശനത്തെപ്പറ്റിയുള്ള ശൂലേമിയുടെ ഓർമ്മ, അവളുടെ സഹോദരന്മാർ പ്രവൃത്തിയിൽ നിരതയാകാൻ ആജ്ഞാപിക്കുന്നു(2:8-17)

VI. തന്റെ പ്രിയനുമായള്ള കൂടിക്കാഴ്ച അവൾ സ്വപ്നം കാണുന്നു(3:1-4).

VII. യെരുശലേം പുത്രിമാരോടുള്ള ആജ്ഞ ആവർത്തിക്കുന്നു (3:5).

VIII. ശലോമോന്റെ ഘോഷയാത്ര യെരുശലേമിൽ പ്രവേശിക്കുന്നു (3:6-11)

IX. ശലോമോൻ വീണ്ടും വശീകരിക്കാൻ ശ്രമിക്കുന്നു, പക്ഷേ ആകർഷണത്തെ അവൾ തിരസ്കരിക്കുന്നു(4:1-6)

X. യെരുശലേം വിട്ട് തങ്ങൾ തീരുമാനിച്ച ഗ്രാമങ്ങളിലേ ക്കു പോകാൻ ഇടയചെറുക്കൻ വന്ന് ചോദിക്കുന്നു, അവൾ സന്നദ്ധത അറിയിച്ചു(4:7-5:1).

XI. അവളുടെ ഉദാസീനതകൊണ്ട് പ്രിയനെ നഷ്ടപ്പെടു ന്ന ദുർസ്വപ്നം ശൂലേമി ഓർക്കുന്നു(5.2-8)

XII. യെരുശലേം പുത്രിമാരുടെ ചോദ്യത്തിങ്കൽ അവൾ പ്രിയന്റെ സൗന്ദര്യത്തെ പുകഴ്ത്തുന്നു, അവരും അവനെ കാണണമെന്നു പറയുന്നു(5:9-6:3).

XIII. ശലോമോൻ തന്റെ അനുരാഗം വീണ്ടും അറിയിക്കു ന്നു(6:4-10).

XIV. അപ്രതീക്ഷിതമായ രീതിയിൽ കൊട്ടാരത്തിൽ വന്നതു യെരുശലേം പുത്രിമാരോടു വിവരിക്കുന്നു(6:11-7:1)

XV. ശലോമോന്റെ അവസാന ശ്രമവും വിഫലമാകുന്നു (7:2-10)

XVI. തന്നെ കൊണ്ടുപോകാൻ വന്ന പ്രിയനോടുള്ള സംഭാഷണം (7:11-8:2).

XVII. യെരുശലേം പുത്രിമാരോടുള്ള അവസാന ആജ്ഞ (8:3,4)

XVIII. ദമ്പതികൾ ഗ്രാമത്തിൽ എത്തുന്നു, തീരുമാനം പങ്കു വയ്ക്കുന്നു, സന്തോഷമായി ജീവിക്കുന്നു(8:5-14).

Parayil Publishers

വ്യാഖ്യാനം

I. തലക്കെട്ട് (1:1)

ഉത്തമഗീതം ശലോമോന്റേതെന്നു പരിചയപ്പെടുത്തുന്നു; ശലോമോനെകുറിച്ചുള്ളതെന്നു അർത്ഥമാക്കാം.

II. ശലോമോന്റെ സദസ്സിലുള്ള ശൂലേമി തന്റെ ഇടയചെറുക്കനെപ്പറ്റി ചിന്തിക്കയും യെരുശലേം പുത്രിമാരോടു അവനെയും തന്നെയും കുറിച്ച് പറയുന്നു(1:2–8).

1:2–4 ശൂലേമി തന്റെ പ്രിയന്റെ ചുംബനം ആശിക്കുന്നു; അവൻ അടുത്തുണ്ടെന്ന് അനുമാനിച്ച്, അവന്റെ സ്നേഹം വീഞ്ഞിനേക്കാൾ ശ്രേഷ്ഠമെന്നു ശ്ലാഘിക്കുന്നു. അവന്റെ സ്വഭാവഗുണങ്ങൾ തൈലം പോലെ സൗരഭ്യമായതിനാൽ മറ്റു കന്യകമാരും അവനെ സ്നേഹിക്കുന്നു. എന്നാൽ അവൻ വന്ന് അവളെ കൈക്കൊള്ളാൻ ആഗ്രഹിക്കുന്നു. യെരുശലേം പുത്രിമാർ വ്യർത്ഥമായി പിൻചെല്ലുവാൻ ശ്രമിക്കും. ശലോമോൻ ശൂലേമിയെ തന്റെ കൂടാരത്തിലേക്കു അവളുടെ സമ്മതം കൂടാതെ കൊണ്ടുവന്നു, തന്റെ വെപ്പാട്ടിയാക്കാൻ ശ്രമിച്ചു. യെരുശലേം പുത്രിമാർ അവരുടെ പ്രിയനോടുള്ള അവളുടെ വികാരം അറിഞ്ഞ് അതിനെ പുകഴ്ത്തുന്നു.

1:5,6 വിളറിയ യെരുശലേം പുത്രിമാരേക്കാൾ ശൂലേമി ബലിഷ്ഠയാണ്. അവൾ മുന്തിരത്തോട്ടത്തിന് കാവൽ നിന്ന് വെയിൽകൊണ്ടു കറുത്തു. പക്ഷേ കറുത്തവൾ എങ്കിലും ആഗ്രഹിക്കത്തക്കവളാണ്.

1:7,8 അവളുടെ ചിന്ത പ്രിയനെ തേടി അലയുന്നു. അവൻ എവിടെ ആടിനെ മേയ്ക്കുന്നുവെന്നും ഉച്ചയ്ക്കു വിശ്രമിക്കുന്നതെവിടെയെന്നും ചിന്തിക്കുന്നു. എന്തുകൊണ്ട് അവന്റെ കൂടെയാകാതെ മൂടുപടം ഇട്ട് അയോഗ്യരായവരുടെ മദ്ധ്യേ ഇരിക്കേണ്ടി വന്നു എന്നവൾ അറിയുന്നില്ല.

അല്പം നീരസത്തോടെ യെരുശലേം പുത്രിമാർ പറഞ്ഞു, ആട്ടിൻകൂട്ടത്തിന്റെ ചുവടുനോക്കി അവനെ കാണാവുന്നതാണ്.

III. ശലോമോൻ ശൂലേമിയെ വശീകരിക്കുന്നു, പക്ഷേ അവന്റെ മുഖസ്തുതി അവൾ അവഗണിക്കുന്നു(1:9–2:6).

1:9,10 ശലോമോൻ ശൂലേമിയെ പുകഴ്ത്തുന്നു. ഫറവോന്റെ രഥത്തിലെ പെൺകുതിരയോടു അവളെ ഉപമിക്കുന്നു. അവളുടെ കവിൾ രത്നങ്ങളാലും കഴുത്ത് സ്വർണ്ണമാലയാലും അലങ്കരിച്ചതായി കാണുന്നു.

1:11 സ്വർണ്ണ ആഭരണങ്ങളാലും വെള്ളിമണികളാലും അലങ്കരിക്കാം. ഞങ്ങൾ എന്നതു കൂട്ടിച്ചേർത്തതാണ്.

1:12–14 രാജാവിന്റെ പ്രലോഭനത്തിലും വശീകരണത്തിലും ശൂലേമി പെട്ടുപോകുന്നില്ല. അവൾക്കു തന്റെ പ്രിയനെപ്പറ്റി മാത്രമേ ചിന്തിക്കുവാൻ കഴിയുന്നുള്ളു. രാജാവു ഭക്ഷണത്തിനിരിക്കുമ്പോൾ അവൾക്കു അവളുടേതായ സുഗന്ധമുണ്ട്. അവളുടെ പ്രിയന്റെ സമ്മാനമായ മൂർ അവൾ സൂക്ഷിക്കുന്നു. ഏൻഗദിയിലെ തോട്ടത്തിൽ മയിലാഞ്ചി പോലെ അവൻ അവൾക്കു സുഗന്ധമാണ്.

1:15 അവളുടെ കണ്ണുകളെ പ്രാവിന്റേതിനോടുപമിച്ചും സൗന്ദര്യത്തെ പുകഴ്ത്തിയും വശീകരിക്കുവാൻ ശ്രമിക്കുന്നു.

1:16,17 ഉടനെ ശൂലേമി തന്റെ മനസ്സിൽ തന്റെ പ്രിയൻ എത്ര സുന്ദരനാണെന്നു പറഞ്ഞു. നമ്മുടെ വീട് തുറസ്സായതും നമ്മുടെ കിടക്ക പച്ചപ്പുല്ലും, വളർന്നു നിൽക്കുന്ന ദേവദാരുവും സരളവൃക്ഷവും നമ്മുടെ മേൽക്കൂരയാണ്. അവരുടെ സ്നേഹപ്രകടനസ്ഥലം ഒരു കൊട്ടാരമല്ല, ഒരു മേച്ചിൽ പുറമാണ്.

2:1 അവൾ തന്റെ ലാളിത്യവും അയോഗ്യതയും വെളിവാക്കുന്നു. അവൾ തന്നെ ശാരോനിലെ പനിനീർപുഷ്പവും താഴ്വരയിലെ താമരപ്പൂവും എന്ന് ഉപമിച്ചിരിക്കുന്നതു നാം വളർത്തുന്ന ഒരു ചെടിയെ ഉദ്ദേശിച്ചല്ല, മറിച്ച് കാട്ടിലോ മറ്റോ ഉള്ള കാട്ടുചെടിയെ ഉദ്ദേശിച്ചാകാം.

2:2 അവളെ ശലോമോൻ പുകഴ്ത്തിയപ്പോൾ അവളുടെ എതിർപ്പ് ശലോമോൻ കേട്ടു കാണും. മറ്റു കന്യകമാരേക്കാൾ ഇവൾ മുള്ളുകൾക്കിടയിലെ താമരപോലെയാണ്.

2:3 വീണ്ടും ഗ്രാമീണ അന്തരീക്ഷത്തിലേക്കു തിരിഞ്ഞ് തന്റെ പ്രിയനെ കാട്ടുമരങ്ങൾക്കിടയിലെ നല്ല നാരകം പോലെ കാണുന്നു. അവനോടൊപ്പമിരിക്കുന്നതു സന്തോഷവും, ആ കൂട്ടായ്മ മാധുര്യവുമാണ്.

2:4–6 അവനോടൊപ്പം ഇരിക്കുന്നതു വീഞ്ഞുവീടിനു തുല്യമാണ്. എപ്പോഴും തലയ്ക്കുമുകളിൽ സ്നേഹത്തിന്റെ കൊടിയാണ്. അവനെക്കുറിച്ചുള്ള ഓർമ്മയാൽ നിറഞ്ഞ അവൾക്കു മുന്തിരിയടയും നാരങ്ങയും തന്നു ശക്തീകരിക്കുവാൻ പറയുന്നു. അവൻ അവളോടൊപ്പമിരുന്നു പിടിച്ചു ചുംബിക്കുന്നതുപോലെയാണവൾക്കു തോന്നുന്നത്.

IV. യെരുശലേം പുത്രിമാരോടുള്ള ശൂലേമിയുടെ ആജ്ഞ(2:7)

യെരുശലേം പുത്രിമാരുടെ നേരെ തിരിഞ്ഞ് ഈ പുസ്തകത്തിന്റെ പ്രധാനവിഷയം തൊടുന്നു. സ്നേഹത്തിന് ഒരു സമയം ഉണ്ട്. അതു ജഡികമായ രീതിയിൽ ഇളക്കരുത്(രാജാവു ശ്രമിച്ചതുപോലെ). ദയയുള്ള മാനിനെക്കൊണ്ട് ആജ്ഞ കൊടുക്കുന്നു, സ്നേഹത്തിനു സമയമാകുവോളം അതിനെ ഇളക്കരുത്. അതായത്, “സ്നേഹം വാങ്ങുകയോ, അടിച്ചേൽപ്പിക്കുകയോ, നടിക്കുകയോ ചെയ്യുന്ന ഒരു

വസ്തുവല്ല, താനേ ഉളവായി വന്ന് സ്വതന്ത്രമായും നിഷ്കളങ്കമായും ഉണ്ടാകേണ്ടതാണ്.” യിസ്രായേൽ ഈ നിസാരനിയമം അനുസരിച്ചിരുന്നെങ്കിൽ യഹോവയോടു അവിശ്വസ്തരാകയില്ലായിരുന്നു.

V. ഇടയച്ചെറുക്കന്റെ സന്ദർശനത്തെപ്പറ്റിയുള്ള ശൂലേമിയുടെ ഓർമ്മ അവളുടെ സഹോദരന്മാർ പ്രവൃത്തിയിൽ നിരതയാകാൻ ആജ്ഞാപിക്കുന്നു(2:8–17)

2:8–14 തന്റെ പ്രിയന്റെ പണ്ടത്തെ ഒരു സന്ദർശനം അവൾ ഓർക്കുന്നു. അവൻ കുന്നുകൾ ചാടിയും, മലകൾ കടന്നു. തിടുക്കത്തിൽ അവളുടെ അടുത്തു വന്നു. അവന്നു ചെറുമാനിന്റെയും കലക്കുട്ടിയ്ക്കും തുല്യമായ കൃപയുണ്ടായിരുന്നു. പെട്ടെന്നു അവൻ മതിലിനു പിറകിൽ, ജനലിലൂടെ നോക്കി, അഴിക്കിടയിലൂടെ ശ്രദ്ധിക്കുന്നു. അവനോടൊപ്പം പോകാൻ വിളിക്കുന്ന ശബ്ദം അവൾ കേട്ടു. തണുപ്പിന്റെ ഇരുണ്ട രാത്രി കഴിഞ്ഞു, മഴയും കഴിഞ്ഞു. പൂക്കാലം വരവായി. കുറു പ്രാവും, അത്തിവൃക്ഷത്തിൽ പച്ച അത്തിക്കായും ഉണ്ട്. മുന്തിരിയും അതിൽ കായും ഉണ്ട്. എഴുന്നേറ്റു കൂടെ പോരാൻ അവൻ അവളെ വിളിച്ചു. ചിലപ്പോൾ താമസം ഉണ്ടായിരുന്നിരിക്കാം, ജനലിനടുത്തുവരാൻ അവൾ പറഞ്ഞു, അങ്ങനെ അവളുടെ ശബ്ദം കേൾക്കുവാനും മുഖം കാണുവാനും കഴിയുമായിരുന്നു. ഇതുവരെയും പാറയുടെ വിടവിലെ പ്രാവു പോലെ അവൾ മറഞ്ഞിരുന്നു.

2:15 എന്നാൽ പോകാൻ കഴിവില്ല, കാരണം അവളുടെ സഹോദരങ്ങൾ വന്നു.” മുന്തിരി പൂത്തുവരുമ്പോൾ അതു നശിപ്പിക്കുന്ന ചെറു കുറുക്കന്മാരെ പിടിക്കുക.

2:16,17 ഇതൊരുവലിയ നിരാശയെങ്കിലും ആശ്വസിക്കുന്നു, കാരണം ഞാൻ എന്റെ പ്രിയനും എന്റെ പ്രിയൻ എനിക്കും ഉള്ളതാണ്. അതുകൊണ്ട് അവൾ അവനോട് ഇങ്ങനെ പറയുന്നു, “നിഴൽ മായുന്ന വൈകുന്നേരത്തു മടങ്ങി വരിക. ദുർഘടപർവ്വതങ്ങളിൽ ഓടുന്ന മാനെപ്പോലെ വേഗത്തിൽ വരിക(അല്ലെങ്കിൽ നമ്മെ അകറ്റുന്ന പർവ്വതങ്ങളെ).

VI. തന്റെ പ്രിയനുമായുള്ള കൂടിക്കാഴ്ച അവൾ സ്വപ്നം കാണുന്നു(3:1)

തന്റെ പ്രിയനുമായി കണ്ടെത്തിയ ഒരു സമയം അവൾ സ്വപ്നം കാണുന്നു. ഒരു രാത്രി അവൾ അവനെ അന്വേഷിച്ചു. കാണാത്തപ്പോൾ പട്ടണത്തിൽ പോയി വീഥികളിലും കവലകളിലും അന്വേഷിച്ചു, കാവൽക്കാരോടു ചോദിച്ചു. ഉടനെ അവനെ കണ്ടെത്തി, അവളുടെ കുടുംബവീട്ടിലേക്കു കൊണ്ടുപോയി.

VII. യെരുശലേം പുത്രിമാരോടുള്ള ആജ്ഞ ആവർത്തിക്കുന്നു(3:5)

പ്രേമത്തിനു സമയത്തല്ലാതെ അതിനെ ഇളക്കരുതെന്ന് യെരുശലേം പുത്രിമാരോടു ആജ്ഞാപിക്കുന്നു.

VIII. ശലോമോന്റെ ഘോഷയാത്ര യെരുശലേമിൽ പ്രവേശിക്കുന്നു(3:6–11)

ദൃശ്യം മാറുന്നു. ശലോമോന്റെ പകിട്ടാർന്ന ഘോഷയാത്ര യെരുശലേമിൽ എത്തി. ഇത്ര മഹാനായ രാജാവിന്റെ ആഗ്രഹത്തെ ആർക്കു നിരസിക്കുവാൻ കഴിയും” എന്നാണ് ചോദ്യം. ഇവിടെ ഉത്തരം വ്യക്തം “ശൂലേമിക്ക്”. അവൾ തന്റെ പ്രിയനോടു വിശ്വസ്തയാണ്, മറ്റെല്ലാ ശബ്ദത്തിനും ബധിരയാണ്.

രാജാവിന്റെ വരവിൽ കാഴ്ചക്കാരെല്ലാം അത്ഭുതപ്പെട്ടിരിക്കുന്നു. ഒപ്പം മൂരും കുന്തുരുക്കവും ഉണ്ട്. ശലോമോന്റെ പല്ലക്ക് അറുപത് ആയുധധാരികളായവരുടെ സംരക്ഷണത്തിൽ വരുന്നു. അകത്തു വെള്ളിത്തൂണുകൾ സ്വർണ്ണം പൊതിഞ്ഞ്, രക്താംബരത്തിന്റെ അലങ്കാരവും, യെരുശലേം പുത്രിമാർ നെയ്തെടുത്ത പരവതാനിയും കാണാം. സീയോനിലെ പൗരന്മാർ ശലോമോൻ രാജാവിനെ വന്ദിച്ച്, കല്യാണദിവസത്തിൽ അമ്മ നൽകിയ കിരീടത്തോടെ കണ്ടു.

IX. ശലോമോൻ വീണ്ടും വശീകരിക്കാൻ ശ്രമിക്കുന്നു, പക്ഷേ ആകർഷണത്തെ അവൾ തിരസ്കരിക്കുന്നു(4:1–6)

4:1–5 ഈ വാക്യങ്ങളിൽ സംസാരിക്കുന്ന ശലോമോനാണോ ഇടയചെറുക്കനാണോ എന്നതിനു വ്യാഖ്യാനം അനുസരിച്ചും വ്യത്യാസം ഉണ്ട്. അനേക വിവാഹം കഴിച്ച് ഇപ്പോൾ യെരുശലേമിൽ എത്തിയിരിക്കുന്ന ശലോമോൻ ശൂലേമിയെ വശീകരിക്കാൻ ഒരു ശ്രമം കൂടെ നടത്തുന്നതാണെന്നു ചിന്തിക്കാം.

അവളുടെ സൗന്ദര്യത്തെ വിശദമായി വർണ്ണിക്കുന്നു. മൂടുപടത്തിനിടയിലൂടെ നോക്കുന്ന അവളുടെ കണ്ണു പ്രാവിന്റെ പോലെയിരിക്കുന്നു. ഇടതൂർന്ന മുടി ഗിലയദ് മലഞ്ചെരുവിൽ നിന്നും സൂര്യപ്രകാശത്തിൽ കരേറിവരുന്ന കോലാട്ടിൻകൂട്ടം പോലെയിരിക്കുന്നു. പല്ലുകൾ ഇരട്ട ആടുകളെപ്പോലെ മുകളിലും അടിയിലുമായി ഒന്നും തെറ്റാതെയിരിക്കുന്ന. അധരം രക്താംബരം പോലെ യോജിച്ചിരിക്കുന്നു. മൂടുപടത്തിനു പിന്നിലെ നെറ്റി മാതളപ്പഴത്തിന്റെ കഷണം പോലിരിക്കുന്നു. അവളുടെ കഴുത്ത് ദാവീദിൻ ഗോപുരം പോലെ ബലിഷ്ടവും മാന്യവുമാണ്. അവളുടെ രണ്ടു സ്തനങ്ങൾ രണ്ടും ഇരട്ട മാൻകുട്ടികൾ പോലെ മൃദുലവും സൗന്ദര്യമേറിയതുമാണ്.

4:6 ശൂലേമി ഇടയ്ക്കു കയറിപറയുന്നത്, ശലോമോന്റെ മുഖസ്തുതിയെ അവൾ ഗണിക്കുന്നില്ലെന്നും അവളുടെ പ്രിയനുമായി കൂടിച്ചേരാൻ കാത്തിരിക്കുന്നെന്നുമാണ്. “വെയിലാറി നിഴൽ കാണാതാകുവോളം ഞാൻ മൂറിൻ മലയിലും കുന്തുരുക്കക്കുന്നിലും,” അതായത് അവളുടെ പ്രിയന്റെ അടുത്തിരിക്കും.

X. യെരുശലേം വിട്ട് തങ്ങൾ തീരുമാനിച്ച ഗ്രാമത്തിലേക്കു പോകാൻ ഇടയചെറുക്കൻ വന്ന് ചോദിക്കുന്നു, അവൾ സന്നദ്ധത അറിയിച്ചു(4:7–5:1)

4:7–15 ഉടനെ ഇടയൻ പ്രത്യക്ഷപ്പെട്ട് തന്റെ പ്രിയയെ ലബാനോനിലേക്കു കൊണ്ടുപോകുവാൻ പ്രേരിപ്പിക്കുന്നു. അവളുടെ സ്നേഹം, അധരം, സുഗന്ധം, വസ്ത്രം, അതായത് ജീവിത്തെയും വിശുദ്ധിയെയും അവൾ പുകഴ്ത്തുന്നു. വെള്ള നിറഞ്ഞ ഒരു തോട്ടത്തോട്, ഫലങ്ങളും, സുഗന്ധ

വിളകളും ഉള്ളതിനോട് അവളെ ഉപമിച്ചിരിക്കുന്നു.

4:16 കാവ്യഭാഷയിൽ അവൾ അവനോട് വന്ന് തന്റെ തോട്ടത്തെ സ്വന്തമാക്കുവാൻ പറയുന്നു.

5:1a ശൂലേമിയുടെ ക്ഷണത്തിനു മറുപടിയായി പറയുന്നു, അവൻ തോട്ടത്തിൽ വന്ന് സുഗന്ധവർഗ്ഗവും, തേൻകട്ടയും, വീഞ്ഞുപാലോടുകൂടെയും ശേഖരിക്കുന്നു.

5:1b ഒന്നാം വാക്യത്തിന്റെ രണ്ടാം ഭാഗം ഇവരുടെ സ്നേഹം കണ്ട കാഴ്ചക്കാരിലാരോ ധൈര്യം പകരുന്നതാണ്.

XI. അവളുടെ ഉദാസീനതകൊണ്ട് പ്രിയനെ നഷ്ടപ്പെടുന്ന ദുർസ്വപ്നം ശൂലേമി ഓർക്കുന്നു(5:2–8).

5:2–7 വാതിലിൽ നിന്നു മുട്ടി തുറക്കാൻ പറയുന്ന പ്രിയന്റെ സ്വപ്നം അവൾ കണ്ടു. വൈകിട്ടത്തെ മഞ്ഞിനാൽ നനഞ്ഞിരുന്നു. അവൾ കുളിച്ചു കിടക്കയിൽ പ്രവേശിച്ചതിനാൽ തുറക്കുവാൻ താമസിച്ചപ്പോൾ അവൻ കൈ പിൻവലിച്ചു. അവസാനം അവൾ എഴുന്നേറ്റ് കതകിനടുത്തുപോയി. അവളുടെ കരങ്ങളിലെ മൂറിൻ തൈലം സാക്ഷായിൽ കിടക്കുന്നു. പക്ഷേ അവൻ പൊയ്ക്കളഞ്ഞു. അവൾ അവനെ നോക്കി വിളിച്ചിട്ടും കണ്ടെത്തിയില്ല. പട്ടണത്തിലെ കാവൽക്കാർ അവളെ തെറ്റിദ്ധരിച്ച് അടിക്കയും മൂടുപടം ഉരിയുകയും ചെയ്തു.

5:8 അവളുടെ വിരഹവേദനയിൽ യെരുശലേം പുത്രിമാരോടു പറയുന്നു, നിങ്ങൾ അവനെ കണ്ടാൽ അവൾ ഇപ്പോഴും പഴയതുപോലെ സ്നേഹിക്കുന്നു എന്നു പറയുക.

XII. യെരുശലേം പുത്രിമാരുടെ ചോദ്യത്തിങ്കൽ അവൾ പ്രിയന്റെ സൗന്ദര്യത്തെ പുകഴ്ത്തുന്നു, അവരും അവനെ കാണണമെന്നു പറയുന്നു(5:9–6:3).

5:9 ഒരു ഇടയനുവേണ്ടിയുള്ള അവളുടെ തീഷ്ണത യെരുശലേം പുത്രിമാരിൽ ജിജ്ഞാസ ഉളവാക്കി. ഒരു അറിയപ്പെടാത്ത ചെറുക്കനുവേണ്ടി എങ്ങനെ അവൾ ശലോമോന്റെ സ്നേഹം ത്യജിക്കുമെന്നു അവർക്കു മനസ്സിലാകുന്നില്ല, അത്നാൽ അവളുടെ പ്രിയന്റെ പ്രത്യേകത ചോദിക്കുന്നു.

5:10–16 പതിനായിരങ്ങളിൽ.. അതിശ്രേഷ്ഠനായ പ്രിയന്റെ സൗന്ദര്യം പുകഴ്ത്തുവാനുള്ള അവസരം അവൾ ഉപയോഗിക്കുന്നു. കാവ്യഭംഗിയും ഉപമയും ഉപയോഗിച്ച് അവന്റെ ആകാരഭംഗി, തല, കണ്ണുകൾ, കവിൾ, അധരം, കൈകൾ, ശരീരം, കാലുകൾ, മുഖം വ്യക്തമാക്കുന്നു. ചുരുക്കത്തിൽ അവളുടെ പ്രിയനും സ്നേഹിതനും പൂർണ്ണമായും ആകർഷണീയനാണ്.

6:1 ഈ അഴകാർന്ന യൗവ്വനക്കാരനെ കാണാൻ യെരുശലേം പുത്രിമാർക്കും താൽപര്യമായി. അവളോടൊപ്പം എവിടെ അന്വേഷിക്കണമെന്നു തിരക്കുന്നു.

6:2,3 അവളുടെ ഉത്തരം അവ്യക്തവും രക്ഷപെടാൻവേണ്ടിയുള്ളതുമാണ്– അവൻ അവന്റെ തോട്ടത്തിലാണ്. എന്തിന് അവരോടു പറയേണം? അവൾ അവന്റേതും അവൻ അവളുടേതും, അങ്ങനെ തുടരുവാൻ വാഞ്ചിക്കുന്നു!

XIII. ശലോമോൻ തന്റെ അനുരാഗം വീണ്ടും അറിയിക്കുന്നു (6:4–10)

ശലോമോൻ വീണ്ടും പ്രത്യക്ഷപ്പെട്ടു അവളെ വശീകരിക്കുന്നു. മദ്ധ്യപൗരസ്ത്യ അലങ്കാരം ഉപയോഗിച്ച് അവളുടെ മുഖവർണ്ണന നടത്തി. അതിൽ കൂടുതലും 4:1–3ന്റെ ആവർത്തനമാണ്. അവന്റെ മനസ്സിൽ അവൾ 60 രാജ്ഞികളെക്കാളും 80 വെപ്പാട്ടികളേക്കാളും, അസംഖ്യം കന്യകമാരെക്കാളും ശ്രേഷ്ഠയാണ്. അവളുടെ അമ്മയ്ക്കു പ്രിയയെന്നു മാത്രമല്ല, രാജ്ഞിമാരും, വെപ്പാട്ടിമാരും എല്ലാം അവളെ ഇങ്ങനെ പുകഴ്ത്തും. "അരുണോദയം പോലെ ശോഭയും, ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യം പോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ? "

XIV. അപ്രതീക്ഷിതമായ രീതിയിൽ കൊട്ടാരത്തിൽ വന്നതു യെരുശലേം പുത്രിമാരോടു വിവരിക്കുന്നു(6:11–7:1)

6:11,12 അവളുടെ തോട്ടത്തിൽ മാതളനാരകം നോക്കിക്കൊണ്ടിരിക്കുമ്പോൾ രാജാവിന്റെ രഥം അതുവഴി വന്നു. തുടർന്നു രാജാവ് യെരുശലേം കൊട്ടാരത്തിലേക്കു കൊണ്ടുവന്നത് അവൾ പദ്ധതിയിട്ടതോ ആഗ്രഹിച്ചതോ അല്ല.

7:1 അവൾ മടങ്ങുവാൻ തുടങ്ങുമ്പോൾ, ശലോമോൻ അല്ലെങ്കിൽ യെരുശലേം പുത്രിമാരും ചേർന്ന് അവളുടെ സൗന്ദര്യത്തെ ഒന്നുകൂടി ആസ്വദിപ്പാൻ തിരികെ അവളെ വിളിക്കുന്നു. എന്നാൽ എന്തിനാണ് സാധാരണക്കാരിയായ ഇവളെ ഇത്രമാത്രം ശ്രദ്ധിക്കുന്നത്. അവസാന വരി പ്രയാസമാണ് .രണ്ടു സംഘം നൃത്തക്കാരെപ്പറ്റി കാണാം.

XV. ശലോമോന്റെ അവസാന ശ്രമവും വിഫലമാകുന്നു(7:2–11)

7:2–10a അവളുടെ ശരീര സൗന്ദര്യത്തെ പൂർണ്ണമായി വർണ്ണിച്ച്, തന്റെ പ്രധാനസ്ഥലങ്ങളായ ഹെശ്ബോൻ, ബാത്ത് റബ്ബീം, ദമ്മേശക്ക്, കർമ്മേൽ പർവ്വതം എന്നിവയോടുപമിച്ച് പുകഴ്ത്തുന്നു. തുടർന്നു ഒരു പനയോടുപമിച്ച് ചുംബിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നു. അങ്ങനെ അവൻ ചെയ്യുമ്പോൾ അവളുടെ സ്തനങ്ങൾ മുന്തിരിക്കുല പോലെയും, ശ്വാസം ആപ്പിൾ പോലെയും, അവളുടെ ചുംബനം ശ്രേഷ്ഠവീഞ്ഞുപോലെയും ആകുന്നു.

7:11–10b എന്നാൽ അവൾ പറയുന്നു, അവളുടെ വീഞ്ഞ് അവളുടെ പ്രിയന് മാത്രം, അവൾ അവന്റേതാണ്, രാജാവിന്റേതല്ല. ഇതുപറയുമ്പോഴും പ്രിയൻ അവൾക്കായി വാഞ്ചിച്ചിരിക്കുമെന്നു അവലൾക്കറിയാം.

XVI. തന്നെകൊണ്ടുപോകാൻ വന്ന പ്രിയനോടുള്ള സംഭാഷണം(7:12–8:2)

7:12–14 ഇപ്പോൾ പ്രിയൻ യെരുശലേമിൽ വന്നു കഴിഞ്ഞതിനാൽ അവനോടൊപ്പം വെളിപ്രദേശത്തു പോകാം. അവ

നോടൊപ്പം നടക്കുന്നതും, അതികാലത്തു മുന്തിരിത്തോട്ടത്തിലും, മാതളനാരകത്തിന്റെടത്തും പോകുന്നതു മുന്നിൽ കാണുന്നു. അങ്ങനെ ദൂദായിപഴം പഴുത്തിരിക്കുന്ന ഗ്രാമീണ അന്തരീക്ഷത്തിൽ അവൾ തന്റെ സ്നേഹവും, കരുതിവച്ചിരിക്കുന്ന മറ്റു ഫലങ്ങളും നൽകും.

8:1,2 ശൂലേമി ഇപ്പോഴും സംസാരിക്കുന്നു. ഇടയൻ അവളുടെ സഹോദരൻ ആയിരുന്നെവെങ്കിൽ അവനെ ചുംബിക്കുമ്പോൾ ആരും നിന്ദിക്കയില്ലായിരുന്നു. അവനെ അമ്മയുടെ വീട്ടിൽകൊണ്ടുപോയി മേൽത്തരമായ മാതളനാരകത്തിൻ വീഞ്ഞ് നൽകുമായിരുന്നു.

XVII. യരുശലേം പുത്രിമാരോടുള്ള അവസാന ആജ്ഞ (8:3,4)

അവന്റെ കരങ്ങളിൽ തന്നെ കണ്ടിട്ട് യെരുശലേം പുത്രിമാരോട്, പ്രേമത്തിനു സമയം ആകുവോളം അതിനെ ഇളക്കരുതെന്ന് അവസാനമായി പറയുന്നു.

XVIII. ദമ്പതികൾ ഗ്രാമത്തിൽ എത്തുന്നു, തീരുമാനം പങ്കു വയ്ക്കുന്നു, സന്തോഷമായി ജീവിക്കുന്നു(8:5–14)

8–5a യെരുശലേമിൽ നിന്നു മടങ്ങി വരുന്നവളെ ഗ്രാമക്കാർ കണ്ടപ്പോൾ ചോദിക്കുന്നു, "മരുഭൂമിയിൽ നിന്നു തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ ?"

8–5b സ്നേഹിതർ വന്നു കൂടിയപ്പോൾ, പ്രിയൻ വന്നിട്ട്, തങ്ങളുടെ പ്രേമം തുടങ്ങിയതും, അവൾ ജനിച്ചതുമായ പരിചയസ്ഥലം ചൂണ്ടിക്കാട്ടുന്നു.

8:6,7 അവരുടെ തീരുമാനം പുതുക്കുവാൻ ശൂലേമി പറയുന്നു. പൊതുവെ ഉദ്ധരിക്കുന്ന സൗന്ദര്യശ്രേഷ്ടമായ വാക്കുകളിൽ അവൾ ഉറപ്പിച്ചു പറയുന്നു, അവളുടെ സ്നേഹത്തിനെതിരായി യാതൊന്നുമില്ല. അതു മരണം പോലെ ശക്തവും, അടക്കാനാവാത്തതും, വിലമതിക്കാനാവാത്തതും ആകുന്നു. 8:8,9 വർഷങ്ങൾക്കുമുമ്പ് ശൂലേമിയുടെ സഹോദരങ്ങൾ ഈ തീരുമാനം അവളെപ്പറ്റി എടുത്തിരുന്നു. അവൾ വിശ്വസ്തയും, വിശുദ്ധികാത്തവളും, ആയി നിന്നാൽ വെള്ളി മകുടം നൽകും. അവൾ ചാരിത്രം നഷ്ടപ്പെടുത്തിയാൽ അവളെ ഏകാന്തമായി അടച്ചിടും.

8:10,11 എന്നാൽ കല്യാണപ്രായത്തിൽ അവൾ മതിൽ പോലെ ഉറച്ചവളാണ്. പ്രിയനു അതറിയാം. ബാൽഹാമോനിലെ ശലോമോന്റെ മുന്തിരിത്തോട്ടത്തെപ്പറ്റി അവൾ വർണ്ണിക്കുന്നു.

8:12 അവൾക്കു അതിൽ താല്പര്യമില്ല. അവൾക്കു സ്വന്ത മുന്തിരിത്തോട്ടം ഉണ്ട്– അത് ഇടയചെറുക്കനാണ് ശലോമോന്റെ സമ്പത്തു അവന്നിരിക്കട്ടെ.

8:13 സാക്ഷികളുടെ മുമ്പാകെ, അവളെ വിവാഹത്തിൽ നൽകുവാൻ പ്രിയൻ ചോദിക്കുന്നു.

8:14 വേഗത്തിൽ തന്നെ സ്വന്തമാക്കിക്കൊള്ളുക എന്നു ആലങ്കാരികഭാഷയിൽ പറയുന്നു. അങ്ങനെ പുസ്തകം അവസാനിക്കുന്നു.

ബഹുഭാര്യത്ത്വത്തിന്റെ പശ്ചാത്തലത്തിൽ ഏകഭാര്യത്വം ഉയർത്തുന്നതിന്റെ മകുടോദാഹരണമാണിത്. ദൈവം മാതൃകയായി കാണിച്ചിരിക്കുന്നു സ്നേഹദാമ്പത്യത്തിലേക്കു മടങ്ങിവരാനുള്ള ശലോമോന്റെ കാലത്തെ യിസ്രായേലിനോടുള്ള വിളിയാണിത്.

ENDNOTES

1(Intro) Franz Delitzsch, "The Song of Song," in Biblical Commentary on the Old Testament, XVI:1

2(Intro) Arthur Farstad, "Literary Genre of the Song of Songs," p.63.

3(Intro) Clarke's commentary(see Bibliography) presents the same view as the Believers Bible Commentary.

4(1:5,6) The little word translated "but"(we) can be (and more often is) translated "and." Then a literal translation would be "black and beautiful."

5(1:7,8) The translators of the NKJV take verse 8 to be the words of the beloved, and hence not sarcastic. The Beloved and Solomon are taken as the same person rather than as rivals for the Shulamite's love .It should be stressed that the headings in the NKJV< New Scofield, or any Bible, are editorial, and not part of the text. However , as the note at 1:1 in the NKJV points out, the Hebrew wording is clearer than the English as to gender and number of persons referred to.

6(1:11)The NKJV takes the "we" literally as referring to the daughters of Jerusalem.

7(2:1) In prose, poetry. And hymnody our Lord has been likened to the lily of the valley and the rose of Sharon. That comparison is still valid even if it is not the through in this passage.

8(2:1) Farstad, "Literary Genre,"p. 79,f.n.6

9(2:7)The NKJV takes the address to the daughters to start at.v.4.

10(2:7)W. Twyman Williams, "The song of Solomon," Moody Monthly, February 1947,p.398.

11(2:15) The plural from of "catch" may be explained by the likelihood that these lines (extremely song –like and full of rhymes in the original) are a "vine-dresser's ditty"(Delitzsch, "Song of Songs, "p.53). Otto Zockler writes that "this verse is a little

vintagers' song or at least a fragment of one" and says that all the commentators of hi time who are not allegorists are settled on this ("Song of Song," in Lange's Commentary on the Holy Scriptures, V:71).

12(2:15)Young foxes (the term includes Jackals) come out in the spring and destroy the vines by burrowing passages and holes beneath the roots, thus undermining their support. See Delitzsch, "Song of Song," p.54.

13(4;6) The NKJV editors see no indication of a new speaker here and take these verses as part of the Beloved's speech.

14(4:7-15) The NKJV editors see no indication of a new speaker here and take these

Verses as part of the Beloved's speech.

15(5:1b)The NKJV editors agree, calling these people "His friends."

16(5:10-16)Based on the Christological interpretation of the book, the phrases "chief among ten thousand" and "altogether lovely" have been applied to our Lord in sermon and song. Especially in the spiritual senses, these applications are well warranted, even if not originally meant by the context.

17(6:1) In the Christological interpretation the bride's(=church's) "witnessing to the beauties of her beloved(=Christ) cause other to seek Him too.

18(8:14) Williams, Song,"p.422.

Parayil Publishers

NOTES

Parayil Publishers

Parayil
Publishers